(സി) കർഷക തൊഴിലാളി പെൻഷൻ സെപ്റ്റംബർ വരെ വിതരണം നടത്തി. ഒക്ടോബർ മുതൽ കടിശ്ശികയുണ്ട്. അസംഘടിത തൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ വിതരണം നടത്തി. ഏപ്രിൽ മുതൽ കടിശ്ശികയാണ്. മരംകയറ്റ തൊഴിലാളി പെൻഷൻ ഏപ്രിൽ മുതൽ ജൂലൈ 2015 വരെ വിതരണം നടത്തി. 2015 ഓഗസ്റ്റ് മുതൽ കടിശ്ശികയാണ്.

(ഡി) കർഷകത്തൊഴിലാളി പെൻഷന് 465,98,74,000 (നാനൂറ്റി അറുപത്തി അഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തി നാലായിരം രൂപ മാത്രം) രൂപയും അസംഘടിത തൊഴിലാളി പെൻഷന് 1,57,23,000 (ഒരു കോടി അമ്പത്തി-ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) രൂപയും മരംകയറ്റ തൊഴിലാളി പെൻഷന് 1,60,00,000 (ഒരു കോടി അറുപത് ലക്ഷം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

നേഴ്സിംഗ് അക്കാഡമി

272(2741) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സിംഗ് അക്കാഡമിയുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ആയത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിക്കുകയും ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യവും ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണംചെയ്യാൻ സഹായിക്കുക, പ്ലേസ്മെന്റ് ഉറപ്പുവരുത്തുക എന്നിവയാണ് NICE-ന്റെ ലക്ഷ്യങ്ങൾ. ബിരുദധാരികളോ ഡിപ്ലോമാധാരികളോ ആയ പരിചയ സമ്പന്നരായ നഴ്സുമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി രൂപകല്പന ചെയ്തിട്ടുള്ളതാണ് അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം.

LIBRARY ARCHIVES Kerala Legislative Assembly